## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

മഴക്കുറവ് മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം

മുഖ്യമന്ത്രി (ശ്രീ. പണറായി വിജയൻ): സർ, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ ഇക്കൊല്ലം ജൂൺ 1 മുതൽ ആഗസ്റ്റ് 16 വരെയുള്ള കണക്കുകൾ പ്രകാരം കേരളത്തിൽ കാലവർഷത്തിൽ 29.1 ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. പ്രധാന ജലവൈദ്യുത പദ്ധതികളുള്ള ഇടുക്കിയിൽ 36 ശതമാനവും വയനാട്ടിൽ 59 ശതമാനവും തിരുവനന്തപുരത്ത് 35 ശതമാനവും മഴക്കുറവ് രേഖപ്പെടുത്തിയതായാണ് കണക്ക്.

കേരളത്തിന്റെ പ്രധാന വൈദ്യുതോത്പാദന ജലസംഭരണികളിൽ ഇപ്പോൾ 35 ശതമാനം ജലമേയുള്ളൂ. ഇത് ആഗസ്റ്റ് മാസം സാധാരണയായി ഉണ്ടാകേണ്ടതിലും ശരാശരി 20 മുതൽ 30 ശതമാനം വരെ കുറവാണ്. സെപ്തംബർ വരെയുള്ള കാലവർഷ സമയത്ത് നല്ല മഴ കിട്ടിയില്ലെങ്കിൽ നിലവിലെ പ്രതിസന്ധി അതീവ രൂക്ഷമാകും.

കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ, ഏഴു കൊല്ലം കാലവർഷം ശരാശരിയിലും കുറവായിരുന്നു. കഴിഞ്ഞ വർഷം അനുഭവിച്ച അതിരൂക്ഷമായ മഴക്കുറവിന്റെ

ആഘാതം നമ്മെ വിട്ടൊഴിയുന്നതിനുമുൻപ് തന്നെയാണ് വെള്ളിടി പോലെ ഈ വർഷവും കാലവർഷം ദുർബലമായത്. തുടർച്ചയായ മഴക്കുറവ് ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്താനുഭവങ്ങൾ കേരളത്തിലും രൂക്ഷമായി അനുഭവപ്പെട്ടുതുടങ്ങി എന്നാണ് സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തെ അതിജീവിക്കാൻ ദീർഘകാല നയരൂപീകരണ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഹരിതകേരളം മിഷന്റെ ഭാഗമായി നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുചീകരണവും നടത്തി ജലസുരക്ഷ പരമാവധി ഉറപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനകം 3931 പൊതുകിണറുകൾ നിർമ്മിക്കുകയും 15022 എണ്ണം മഴവെള്ള റീചാർജ്ജിനുതകുംവിധം വൃത്തിയാക്കുകയും ചെയ്തു. 3855 പുതിയ കുളങ്ങൾ നിർമ്മിക്കുകയും 13247 എണ്ണം പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ഇതോടൊപ്പം 2467 കിലോമീറ്റർ തോടുകളും 1481 കിലോമീറ്റർ കനാലുകളും വൃത്തിയാക്കി. ജലസംരക്ഷണത്തിനായുള്ള ഇത്തരം പ്രവർത്തനങ്ങളിൽ ജനങ്ങളുടെയും ജനപ്രതിനിധികളുടെയും അകമഴിഞ്ഞ പങ്കാളിത്തത്തിന്റെ ആവശ്യം ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

മഴക്കുറവ് സംബന്ധിച്ച അവലോകനത്തിന്റെ അടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്കും കൃഷി, ജലവിഭവം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇതിനകം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ മാസം തന്നെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ വിളിച്ചുചേർത്ത് മഴക്കുറവ്, ജലലഭ്യത, ഭൂജല സ്ഥിതി, കൃഷി എന്നിവ സംബന്ധിച്ച് അവലോകനം നടത്തി സംസ്ഥാന അതോറിറ്റിയെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10.08.2017-ന് ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും മഴയുടെ കുറവുമൂലം സംസ്ഥാനം നേരിടാൻ സാധ്യതയുള്ള ഗുരുതരമായ പ്രതിസന്ധി സംബന്ധിച്ച് ചർച്ച ചെയ്തു. പ്രതിസന്ധി നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. വെള്ളം കരുതലോടെ ഉപയോഗിക്കുന്നതിനും മഴവെള്ളം പരമാവധി ശേഖരിക്കുന്നതിനുമുള്ള പ്രവർത്തനം അടിയന്തരമായി നടത്തണമെന്ന് തീരുമാനിച്ചു. ഇതിന്റെ

ഭാഗമായി മഴവെള്ള സംഭരണം ലക്ഷ്യമാക്കി മൂന്ന് കർമ്മസേനകൾ (ടാസ്ക് ഫോഴ്സ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തൃശ്ശൂരിൽ വിജയകരമായി നടപ്പിലാക്കിയ 'മഴപ്പൊലിമ'-യുടെ മാതൃകയിൽ മഴവെള്ള സംഭരണം സംസ്ഥാന വ്യാപകമായി ജനങ്ങൾ ഏറ്റെടുത്ത് നടത്തുക; തടയണകൾ, റെഗുലേറ്ററുകൾ എന്നിവ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിനും താൽക്കാലിക തടയണകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുക; കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കി പരമാവധി മഴവെള്ളം സംഭരിക്കുക എന്നിവയ്ക്കാണ് കർമ്മസേനകൾ രൂപീകരിച്ചത്. ഈ കർമ്മസേനകൾ അവയുടെ പ്രവർത്തന പദ്ധതികൾ ഉടൻ സമർപ്പിക്കും.

വനത്തിനുള്ളിൽ പട്ക്കാ കുളങ്ങളും, താത്ക്കാലിക തടയണകളും മറ്റും നിർമ്മിച്ച് വന്യ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുവാൻ വനം വകുപ്പ് അടിയന്തര നടപടി സ്വീകരിക്കും.

സർക്കാർ ഓഫീസുകളിൽ പൈപ്പുകളും മറ്റും ചോർന്ന് ജലം പാഴാകുന്നത് തടയുവാൻ അടിയന്തര നടപടി അതത് വകുപ്പുകൾ സ്വീകരിക്കുന്നതാണ്. സർക്കാർ ഓഫീസുകളിലെ മഴവെള്ള സംഭരണികൾ അടിയന്തരമായി, പ്രവർത്തനക്ഷമമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ജല സംരക്ഷണത്തിൽ

ഊന്നിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് മാത്രമേ അതിന്റെ ഭാഗമായ മനുഷ്യനും നിലനിൽക്കാനാവൂ എന്ന കാഴ്ചപ്പാട് ജനങ്ങളിൽ രൂപപ്പെടുത്തുന്നതിലുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. ഈ ബോധം സൃഷ്ടിക്കുന്നതിൽ ഏറെ മുന്നോട്ടുപോകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഹരിത കേരള മിഷൻ പോലുള്ളവ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്.

ലഭ്യമാകുന്ന മഴവെള്ളം ഒഴുകിപ്പോകാതെ മണ്ണിൽതന്നെ നിലനിൽക്കുന്നതിന് ഉതകുംവിധം മഴക്കുഴികൾ നിർമ്മിക്കാനും ജല വിനിയോഗത്തിൽ മിതത്വം പാലിക്കാനും നിർമ്മാണാവശ്യങ്ങൾക്ക് ശുദ്ധീകരിച്ച ജലം ഉപയോഗിക്കുന്നത് ഒഴിവാക്കാനും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനുമുള്ള പ്രവൃത്തികൾ ജനപങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനും എല്ലാ തലത്തിലും നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്.

ഫലപ്രദവും സത്വരവുമായ നടപടികളിലൂടെ മഴക്കുറവ് മൂലമുള്ള പ്രതിസന്ധി നേരിടാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ് എന്ന് ഞാൻ ഈ

**സഭയെ അറിയിക്കുന്നു.**

(ഗവൺമെന്റ് പ്രമേയം)